## ? റുക്‌യയോടുള്ള ഇസ്‌ലാമിന്റെ സമീപനമെന്താണ്?

### ഇസ്‌ലാമിന്റെ പ്രാരംഭ കാലത്ത് റുക്‌യ നിരോധിച്ചിരുന്നു

وعن ابن مسعود رضي الله عنه أنه دخل على امرأته وفي عنقها شيء معقود فجذبه فقطعه ثم قال لقد أصبح آل عبد الله أغنياء عن أن يشركوا بالله ما لم ينزل به سلطانا ثم قال سمعت رسول الله صلى الله عليه وسلم يقول إن الرقى والتمائم والتولة شرك قالوا يا أبا عبد الرحمن هذه الرقى والتمائم قد عرفناها فما التولة قال شيء تصنعه النساء يتحببن إلى أزواجهن

"ഇബ്നുമസ്ഊദി(ﷺ)ൽ നിന്ന് നിവേദനം, അദ്ദേഹം തന്റെ ഭാര്യയുടെ അടുത്ത് പ്രവേശിച്ചു. അവരുടെ കഴുത്തിൽ ബന്ധിക്കപ്പെട്ട ഒന്നുണ്ടായിരുന്നു(നൂൽ). അദ്ദേഹം അത് വലിച്ച് പൊട്ടിക്കുകയുണ്ടായി, തുടർന്ന് പറഞ്ഞു: അല്ലാഹു യാതൊരു പ്രമാണവും അവതരിപ്പിച്ചിട്ടില്ലാത്തത് അല്ലാഹുവിൽ പങ്കുചേർക്കുന്നതിനെ തൊട്ട് അബ്ദുല്ലാഹ്‌യുടെ കുടുംബം ഐശ്വര്യവാൻമാരാണ്, എന്നിട്ട് അദ്ദേഹം പറഞ്ഞു: റസൂലുല്ലാഹ്(ﷺ) പറയുന്നതായി ഞാൻ കേട്ടു: "മന്ത്രവും, ഉറുക്കും, തിവലത്തും ശിർക്കാണ്. അവർ (സ്വഹാബികൾ ചോദിക്കുകയുണ്ടായി: ഓ, അബൂഅബ്ദുർഹ്മാൻ, മന്ത്രവും, ഉറുക്കും ഞങ്ങൾക്ക് മനസിലായി, എന്താണ് 'തിവലത്'? അദ്ദേഹം പറഞ്ഞു: ഭർത്താക്കൻമാരുടെ സ്നേഹം ലഭിക്കാൻ സ്ത്രീകൾ ചെയ്യുന്ന ഒരു സംഗതിയാണത്."[1]

### പിന്നീട് റുക്‌യ അനുവദിക്കപ്പെട്ടു

ഈ നിരോധനം മുൻനിർത്തി സ്വഹാബത്ത് റസൂലി(ﷺ)ന്റെ അരികിൽ വന്ന് അവരുടെ ഇടയിൽ പ്രചാരത്തിലുണ്ടായ ചില റുക്‌യകളെ സംബന്ധിച്ച് ചോദിക്കുകയും, നബി(ﷺ) ശിർക്കില്ലാത്ത റുക്‌യകൾ അനുവദിക്കുകയും ചെയ്തു. താഴെയുള്ള ഹദീഥുകൾ അതിന്ന് തെളിവാണ്:

1. ഔഫ്ബ്നു മാലിക് അൽ അശ്ജഈയി(ﷺ) പറഞ്ഞു:

كنا نرقى في الجاهلية فقلنا : يا رسول الله كيف ترى في ذلك ؟ فقال " اعرضوا علي رقاكم لا بأس بالرقى مالم يكن فيه شرك"

---

[1] ഇബ്നുഹിബ്ബാൻ (رحمه الله) തന്റെ സ്വഹീഹിലും, ഹാകിം (رحمه الله) ചുരുക്കിയും കൊടുത്ത ഹദീഥ്. ഹാകിം (رحمه الله) ഇതിന്റെ സനദ് സ്വഹീഹാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. മുഹമ്മദ്ബ്നു നാസ്വിറുദ്ധീൻ അൽബാനി(رحمه الله)യുടെ 'സ്വഹീഹ് അത്തർഗീബ് വത്തർഹീബ് (3/192)

“ഞങ്ങൾ ജാഹിലിയ്യാ കാലത്ത് മന്ത്രിക്കാറുണ്ടായിരുന്നു. ഞങ്ങൾ ചോദിച്ചു: ഓ, അല്ലാഹുവിന്റെ ദൂതരേ, റുക്‌യയുടെ വിഷയത്തിൽ താങ്കളുടെ അഭിപ്രായം എങ്ങിനെയാണ്? അപ്പോൾ തിരുമേനി പറഞ്ഞു: നിങ്ങളുടെ മന്ത്രം എനിക്ക് പ്രദർശിപ്പിക്കൂ, മന്ത്രങ്ങളിൽ യാതൊരു കഴപ്പവുമില്ല, അതിൽ ശിർക്കില്ലാത്ത കാലത്തോളം.[2]

2. ജാബിർ(ﷺ) പറഞ്ഞു:

نهى رسول الله صلى الله عليه وسلم: عن الرقى فجاء آل عمرو بن حزم إلى رسول الله صلى الله عليه وسلم فقالوا : يارسول الله إنه كانت عندنا رقية نرقي بها من العقرب, وإنك نهيت عن الرقى . قال : فعرضوها عليه . فقال: " ما أرى بأسا . من استطاع منكم أن ينفع أخاه فلينفعه"

“മന്ത്രങ്ങളെ റസൂലുല്ലാഹ്(ﷺ) വിരോധിക്കുകയുണ്ടായി, അപ്പോൾ അംറുബ്നു ഹസമിന്റെ കുടുംബം റസൂലൂല്ലാഹാ(ﷺ)യുടെ അടുത്ത് വന്നു. അവർ പറഞ്ഞു: “അല്ലാഹുവിന്റെ തിരുദൂതരെ, ഞങ്ങളുടെ അടുക്കൽ ഒരു മന്ത്രം ഉണ്ടായിരുന്നു. തേൾ(കുത്തിയാൽ) അത് കൊണ്ട് ഞങ്ങൾ മന്ത്രിക്കാറുണ്ടായിരുന്നു. താങ്കളാകട്ടെ മന്ത്രം വിരോധിച്ചിരിക്കുന്നു. (ജാബിർ) പറഞ്ഞു അവർ ആ റുക്‌യ നബി(ﷺ)ക്ക് പ്രദർശിപ്പിച്ചു. അപ്പോൾ (റസൂലുല്ലാഹ്(ﷺ)) പറഞ്ഞു: (അതിൽ) ഞാൻ കുഴപ്പം കാണുന്നില്ല. നിങ്ങളിൽ ആരെങ്കിലും തന്റെ സഹോദരന് ഉപകാരം ചെയ്യാൻ സാധിക്കുമെങ്കിൽ ഉപകാരം ചെയ്യട്ടെ.”[3]

3. ജാബിർ(ﷺ)വിൽ നിന്നും, നിവേദനം:

كان لي خال يرقي من العقرب، فنهى رسول الله صلى الله عليه وسلم: عن الرقي , قال فأتاه فقال : يا رسول الله : إنك نهيت عن الرقى , وأنا أرقي من العقرب. فقال : من استطاع منكم أن ينفع أخاه فليفعل

“തേൾ കുത്തിയാൽ മന്ത്രിച്ചിരുന്ന ഒരു അമ്മാവൻ എനിക്കുണ്ടായിരുന്നു. റസൂലുല്ലാഹ്(ﷺ) മന്ത്രങ്ങൾ വിരോധിക്കുകയുണ്ടായി, (ജാബിർ പറയുന്നു:) അദ്ദേഹം നബി(ﷺ)യുടെ അടുക്കൽ ചെന്ന ശേഷം പറഞ്ഞു:. അല്ലാഹുവിന്റെ തിരുദൂതരെ, താങ്കൾ മന്ത്രം വിരോധിച്ചു ഞാനാകട്ടെ തേൾ കുത്തിയാൽ മന്ത്രിക്കാറുണ്ട്. അപ്പോൾ തിരുമേനി പറഞ്ഞു: “ആർക്കെങ്കിലും തന്റെ സഹോദരന് ഉപകാരം ചെയ്യാൻ സാധിക്കുമെങ്കിൽ അവൻ അപ്രകാരം ചെയ്യട്ടെ.”[4]

4. അബ്ദുർറഹ്മാനുബ്നു അൽ അസ്‌വദ്(ﷺ) തന്റെ പിതാവിൽ നിന്നും, നിവേദനം:

سألت عائشة عن الرقية؟ فقالت: رخص رسول الله صلى الله عليه وسلم لأهل بيت من الأنصار في الرقية , من كل ذي حمة

[2] സ്വഹീഹ് മുസ്‌ലിം كتاب السلام – باب لا بأس بالرقى مالم يكن فيه شرك (4/1727) നമ്പർ: 2200

[3] സ്വഹീഹ് മുസ്‌ലിം ... كتاب السلام – باب استحباب الرقية من العين والحمى (4/1726) നമ്പർ: 2199

[4] സ്വഹീഹ് മുസ്‌ലിം ... كتاب السلام – باب استحباب الرقية من العين والحمى (4/1726) നമ്പർ: 2199

> “ഞാൻ ആയിശയോട് റുക്‌യയെ സംബന്ധിച്ച് ചോദിക്കുകയാണ്ടായി? അവർ പറഞ്ഞു: റസൂലുല്ലാഹ്(ﷺ) അൻസാരികളിൽപെട്ട ഒരു കുടുംബത്തിന് എല്ലാ വിഷബാധയിൽ നിന്നും മന്ത്രിക്കുവാൻ ഇളവ് നൽകിയിരിക്കുന്നു.”[5]

രണ്ടാമത്തെയും മൂന്നാമത്തെയും ഹദിഥിൽ ഉദ്ധരിച്ചുട്ടുള്ള إنك نيت عن الرقية (താങ്കൾ മന്ത്രം വിരോധിച്ചു) എന്ന പദമാണ് മുമ്പ് റുക്‌യ നിരോധിച്ചിരുന്നു എന്ന് മനസിലാക്കാൻ പണ്ഡിതൻമാർ മാനദണ്ഡമാക്കിയിട്ടുള്ളത്.

*(തുടരും…)*

തയ്യാറാക്കിയത്:

അബ്ദുൽ ജബ്ബാർ അബ്ദുല്ല
എൻ. വി. മുഹമ്മദ് സാലിം
റാഷിദ് ഖലീൽ റഹ്മാൻ

---

[5] الحمة എന്ന് പറഞ്ഞാൽ തേളിന്റെ വിഷത്തിനാണ് പറയുക. അതുപോലെ മുഴുവൻ വിഷത്തിനും പൊതുവായി ഈ പദം ഉപയോഗിക്കുന്നതാണ്. (النهاية في غريب الحديث) (1/446) الصحاح للجوهري (5/1906) غريب الحديث لإبن الجزري (1/244). സ്വഹീഹ് മുസ്‌ലിം كتاب السلام – باب استحباب الرقية من العين والحمى ... (4/1724) നമ്പർ: 2193.